**Sacred Heart Knanaya Catholic Church**
611 Maple St., Maywood, IL 60153
**St. Mary's Knanaya Catholic Church**
7800 W. Lyons St., Morton Grove, IL 60053
Parish website: www.knanayaregion.us/chicago
Bulletins: www.knanayaregion.us/chicago/bulletin.htm

# CHICAGO KNANAYA CATHOLIC PARISH BULLETIN

**Volume 7, Issue 51, September 9, 2012**



## FEAST OF NATIVITY OF OUR LADY

**At St. Mary's Church On Sunday September 9th at 10:00 A.M.**

**Sponsors: Legion of Mary, St. Mary's Church.**

## Night Vigil Change of Day

**Night Vigil of this month at St. Mary's will be on Thursday, Sept. 13th after 7:00 P.M. Holy Mass.**

**ഈ മാസത്തെ സെന്റ് മേരീസിലെ നൈറ്റ് വിജിൽ സെപ്റ്റംബർ 13 വ്യാഴാഴ്ച വൈകുന്നേരം 7:00മണിക്കുള്ള കർബാനയെ തുടർന്നായിരിക്കും.**

# സ്ത്രീ ശാക്തീകരണവും ആത്മീയതയും പുരാതനപ്പാട്ടുകളിൽ

**ഡോ. സി. ദീപ എസ്.ജെ.സി**



### ആമുഖം

കേരളത്തിലെ ക്നാനായ ക്രൈസ്തവ സമൂഹം എ.ഡി. 345-ൽ ക്നായിതൊമ്മൻ എന്ന കച്ചവടപ്രമുഖന്റെ നേതൃത്വത്തിൽ ഏഴ് ഇല്ലം 72 കുടുംബങ്ങളിലെ നാനൂറോളം ആളുകളുമായി തെക്കെ മെസപ്പൊട്ടോമിയായിൽ നിന്ന് കേരളത്തിലെത്തിയവരുടെ സന്താന പരമ്പരകളാണല്ലോ. യഹൂദ പാരമ്പര്യത്തിന്റെ വക്താക്കളും, വംശശുദ്ധി നിലനിർത്തുവാൻ മറ്റുസമുദായങ്ങളിൽ നിന്നു വിവാഹം കഴിക്കാത്തവരും, ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും തനിമ പുലർത്തുന്നവരുമായ "തെക്കുംഭാഗർ" എന്നുകൂടി അറിയപ്പെടുന്ന ഇവർ ലോകത്തെവിടെ വസിച്ചാലും അവരുടെ സ്വത്വപ്രകാശനമായി ആചാരാനുഷ്ഠാനങ്ങളെ അതിനോടനുബന്ധിച്ചുള്ള പാട്ടുകൾ പാടി സാംസ്കാരികതനിമ പ്രാകാശിപ്പിക്കുവാൻ യത്നിക്കുന്നു.

### ഗൃഹാതുരതയുണർത്തുന്ന പാട്ടുകൾ

"മലയാളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകൾ" എന്ന പേരിൽ കോട്ടയം സ്വദേശിയായ പുത്തൻപുരയ്ക്കൽ ഉതുപ്പ് ലൂക്കോസ് അല്ലെങ്കിൽ പി.യു. ലൂക്കോസ് ആണ് ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരത്തിലുള്ള നാടൻ പാട്ടുകൾ വട്ടക്കളത്തിൽ ബഹു. മത്തായി അച്ചന്റെ പ്രോത്സാഹനത്തിൽ സമാഹരിച്ച് 1910-ൽ ഒന്നാം പതിപ്പായി പുറത്തിറക്കിയത്. 2002 ആയപ്പോൾ പത്തുപതിപ്പുകളുണ്ടായി.

പാട്ടുകളെ പാടുന്ന രീതിയ്ക്കനുസൃതമായി ആൺപാട്ടുകൾ, പെൺപാട്ടുകൾ എന്നു തരംതിരിച്ചിട്ടുണ്ട്. ചുവടുവെക്കാതെ ഇരുന്നുകൊണ്ടോ നിന്നുകോണ്ടോ പാടുന്ന പാട്ടുകൾ പെൺപാട്ടുകളും, ചുവടുവെച്ച് താളം വെച്ച് പാടുന്ന പാട്ടുകൾ ആൺപാട്ടുകളുമാണ്. വിവാഹത്തോടനുബന്ധിച്ചുള്ള പാട്ടുകളാണ് പെൺപാട്ടുകൾ. ആഘോഷപാട്ടുകൾ, കഥാഗാനങ്ങൾ, ബൈബിൾ കഥാഗാനങ്ങൾ, പള്ളിപാട്ടുകൾ, ജീവചരിത്രഗാനങ്ങൾ, പാണൻപാട്ടുകൾ എന്നിങ്ങനെ ഇതിലെ പാട്ടുകളെ വർഗീകരിക്കാൻ കഴിയും.

### പുരാതന പാട്ടുകളും സ്ത്രീകളും

ഒരു സ്ത്രീ വിദ്യാഭ്യാസം നേടിയാൽ ഒരു കുടുംബം മുഴുവൻ സാസ്കാരിക വളർച്ച നേടുമെന്നത് സത്യമാണ്. അവളിലൂടെ ഭർത്താവും മക്കളും കുടും ബവും സമൂഹവും സാംസ്കാരിക വളർച്ച നേടിയെടുക്കാൻ സാദ്ധ്യതയൊരുക്കും. ബൈബിൾ പുസ്തകരൂപത്തിലെത്തുന്ന തിനു മുൻപേ ബൈബിൾ കഥകൾ പാട്ടുകളായി പ്രചരിക്കുകയും വായ്മൊഴിയായി സമൂഹത്തിലെ ത്തുകയും ചെയ്തിരുന്നു. അത്തരം പാട്ടുകൾ സ്ത്രീകളിലൂടെ എത്തി ക്കുവാൻ ക്നാനായ ജനതയ്ക്കുണ്ടായിരുന്ന ഉത്സാഹം ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.

മറ്റൊരു പ്രത്യേകത, സ്ത്രീ എവിടെ ആദരിക്കപ്പെടുന്നുവോ അവിടെ ദേവതമാർ വിഹരിക്കുന്നു എന്ന് പറയുന്നുണ്ടല്ലോ. സ്ത്രീയെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ താത്പര്യമില്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് ക്നാനായ സ്ത്രീകൾ സമൂഹത്തിൽ പാടുകയും ബൈബിൾ സന്ദേശം എത്തിക്കുവാൻ പാട്ടുകളിലൂടെ തയ്യാറാവുകയും ചെയ്തത്. ഇതു പരിഗണിക്കുമ്പോൾ സ്ത്രീശാക്തീകരണം എന്ന ആശയം പ്രാബല്യത്തിലെത്തിക്കുവാൻ ക്നാനായക്കാർ വഹിച്ച പങ്ക് നിസ്സീമമാണ് എന്നു മനസ്സിലാക്കാം. പുരുഷന്മാർ താളാത്മകമായി ചുവടുവെച്ച് ആടുമ്പോൾ സ്ത്രീയും തങ്ങളുടേതായ സംഭാവനകൾ സമൂഹത്തിനു നല്കുകയായിരുന്നു.

*(Continued on page 4)*

## PRIESTS

**Pastor, St. Mary's: Fr. Abraham Mutholathu Jacob**
5212W. Agatite Ave., Chicago, IL 60630.
(773) 412-6254 (cell) mutholath2000@yahoo.com
**Pastor, Sacred Heart: Fr. Saji Pinarkayil**
589 N. Willow Rd., Elmhurst, IL 60126.
(224) 659-6586 sajipinarkayil@gmail.com
**Associate Pastor: Fr. Siju Mudakkodil**
(210) 630-2295 skmudakodil@gmail.com
***www.knanayaregion.us/chicago***

## FOR HALL BOOKINGS

Sacred Heart: Baby Karikkal 630-901-5499
St. Mary's: Polson Kulangara 847-207-1274

## FOR SACRISTANS

Sacred Heart: Kurian Nellamattom 630-664-9405
St. Mary's: Sr. Xavier S.V.M. 847-603-8881 (Convent)
For list of other volunteers / upcoming events, visit:
*www.knanayaregion.us/chicago/staff.htm*
*www.knanayaregion.us/chicago/calendar.htm*

## HOLY MASS

SUNDAY 10:00 A.M. at both churches.
5:30 P.M. at St. Mary's Church.
MONDAY - THURSDAY 7:00 P.M. at both churches.
FRIDAY 6:00 P.M. at St. Mary's & 7:00 P.M. at Sacred Heart.
SATURDAY 10:00 A.M. at both churches.

## RELIGIOUS EDUCATION

ON SUNDAYS 10:00 A.M. to 11:30 A.M. at both churches.

## ADORATION

First Fridays after Mass at both churches.
Every Saturday from 11:00 A.M. to 5:00 P.M. at St. Mary's.
Night Vigil at St. Mary's on Second Fridays from 6:00 P.M. to 1:00 A.M. with Holy mass at 6:00 P.M. and 11:30 P.M.
3rd Fridays at St. Mary's for children & youth at 6:45 P.M.
4th Fridays at Sacred Heart for children & youth at 7:45 P.M.

## NOVENAS

B.V. Mary after Saturday 10:00 A.M. Mass at both churches.
St. Jude on Thursdays at 7:00 P.M. at St. Mary's.
St. Michael 3rd Friday of the month after 7:00 P.M. Mass at Sacred Heart.
Novena of St. Anthony at Sacred Heart on Tuesdays after 7:00 P.M. Holy Mass.

## PRAYER GROUP

Sundays after 10:00 A.M. Mass at both churches.

## ROSARY

Mon. - Thurs. 6:30 P.M. & Friday at 5:30 P.M. at St. Mary's.

## ST. VINCENT DE PAUL SOCIETY

Sundays after 10:00 A.M. Mass at both churches.

## LEGION OF MARY

Every Saturdays after Mass at Sacred Heart.
Every Thursday after 7:00 P.M. Mass at St. Mary's.




**September 2012**

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |
| 30 | | | | | | |

### FRIDAY, SEPTEMBER 7, 2012

Holy Mass at St. Mary's at 6:00 P.M. and at Sacred Heart at 7:00 P.M.
First Friday adoration after Holy Mass at St. Mary's by St. Jude and at Sacred Heart by St. Michael Koodara Yogams.

### SATURDAY, SEPTEMBER 8, 2012

Feast Day of the Nativity of Blessed Virgin Mary.
Holy Mass and Novena at Sacred Heart and St. Mary's at 10:00 A.M.

### SUNDAY, SEPTEMBER 9, 2012

Feast Celebration of Birth of Blessed Mother at St. Mary's at 10:00 A.M. sponsored by Legion of Mary.
Holy Mass at Sacred Heart and St. Mary's at 10:00 A.M.
Rel. Education Classes at both churches at 10:00 A.M.
Confession at St. Mary's for Religious Education students at 10:00 A.M.
English Mass at St. Mary's church at 11: 45 A.M.
Holy Mass at St. Mary's Church at 5:30 P.M.
St. Alphonsa Koodara Yogam at 6:00 P.M. at the house of Sanju Thekkanattu, 11 N. Founders Pointe, Bloomingdale. 630-980-4136.

### MONDAY, SEPTEMBER 10, 2012

Holy Mass at St. Mary's and Sacred Heart at 7:00 P.M.

### TUESDAY, SEPTEMBER 11, 2012

Holy Mass at Sacred Heart & St. Mary's at 7:00 P.M.
Novena of St. Anthony at Sacred Heart after Holy Mass.

### WEDNESDAY, SEPTEMBER 12, 2012

Holy Mass at Sacred Heart & St. Mary's at 7:00 P.M.

### THURSDAY, SEPTEMBER 13, 2012

Holy Mass at Sacred Heart & St. Mary's at 7:00 P.M.
Novena of St. Jude at St. Mary's after Holy Mass.
Night Vigil after Holy Mass at St. Mary's.

### FRIDAY, SEPTEMBER 14, 2012

Feast day of Exaltation of the Cross
Holy Mass at St. Mary's at 6:00 P.M. and at Sacred Heart at 7:00 P.M.
Seminar for 5th graders and up at St. Mary's after 7:00 P.M. Holy Mass.
No Night Vigil today at St. Mary's.

### SATURDAY, SEPTEMBER 15, 2012

Holy Mass and Novena at Sacred Heart and St. Mary's at 10:00 A.M.

### SUNDAY, SEPTEMBER 16, 2012

Holy Mass at Sacred Heart and St. Mary's at 10:00 A.M.
Rel. Education Classes at both parishes at 10:00 A.M.
English Mass at both parishes at 11: 45 A.M.
Holy Mass at St. Mary's Church at 5:30 P.M.

### MONDAY, SEPTEMBER 17, 2012

Holy Mass at St. Mary's and Sacred Heart at 7:00 P.M.

# മുത്തോലത്തച്ചന്റെ സന്ദേശം



## മരിച്ചവരുടെയും ഉയിരവരുടെയും കുർബാനകൾ

എന്റെ പ്രിയ സഹോദരങ്ങളേ,

മനുഷ്യൻ ആദിമുതലേ തന്റെ സൃഷ്ടാവും പരിപാലകനുമായ ദൈവത്തിനു ബലിയർപ്പിച്ചിരുന്നു. ആബേലും കായേനും, ഒരു പക്ഷേ ആദാമും, മുതൽ ഇന്നുവരെ ദൈവത്തിനുള്ള ബലിയർപ്പണം എല്ലാ ജനവിഭാഗങ്ങളിലും തുടരുന്നു. പഴയനിയമത്തിലെ ബലികളുടെ പുനരവതരണമാണ് ക്രിസ്തുനാഥന്റെ കാൽവരിയിലെ ബലിയും തുടർന്ന് അനുദിനം നമ്മോടൊത്തുള്ള അൾത്താരബലികളും.

അനാദിമുതൽ പല നിയോഗങ്ങൾക്കുവേണ്ടിയാണ് മനുഷ്യൻ ബലിയർപ്പിച്ചിരുന്നത്. (1) ആരാധനാബലി: തന്നെ സൃഷ്ടിച്ച് പരിപാലിക്കുന്ന സർവ്വശക്തനെ സ്വർഗ്ഗവാസികളോടുംചേർന്ന് മഹത്വപ്പെടുത്തുന്നതിനാണിത്. (2) കൃതജ്ഞതാബലി: ദൈവത്തിൽനിന്നു ലഭിച്ച പ്രത്യേക കൃപകൾക്കുള്ള നന്ദിസമർപ്പണമാണിത്. (3) പാപപരിഹാരബലി: താനോ, തന്റെ പ്രിയപ്പെട്ടവരോ ചെയ്ത അപരാധങ്ങൾക്ക് മാപ്പപേക്ഷിക്കുവാനാണിത്. (4) ഉദ്ദിഷ്ട കാര്യസാധ്യത്തിനുള്ള ബലി: വിദ്യാഭ്യാസം, തൊഴിൽ, കച്ചവടം, രോഗശാന്തി മുതലായവ മെച്ചപ്പെടുന്നതിനാണിത്. (5) നേർച്ചകുർബാന: ഏതെങ്കിലും വിശുദ്ധന്റെ ബഹുമാനാർത്ഥം അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം തേടിക്കൊണ്ടുള്ള ബലിസമർപ്പണം. (6) മരിച്ചവരുടെ അനുസ്മരണാബലി: പരേതരുടെ സ്വർഗപ്രാപ്തി ത്വരിതപ്പെടുത്തുന്നതിനോ, അവരുടെ സ്മരണയാചരിച്ച് അവരെ ആദരിക്കുന്നതിനോളള ബലി.

വിവാഹം തിരുപ്പട്ടം, വിവാഹജൂബിലി, ജന്മദിനം, മാമ്മോദീസാ തുടങ്ങിയ ഏത് അവസരത്തിലും ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് കൃതജ്ഞതാബലി അർപ്പിക്കുന്നത് പ്രസക്തമാണ്. അങ്ങനെയുള്ള അവസരങ്ങളിലും കുർബാനയ്ക്കുമുമ്പ് കാർമ്മികന് കുർബാനനിയോഗം അറിയിക്കുകയും, ഉചിതമെങ്കിൽ അനുമോദനം അറിയിക്കുകയുംചെയ്യാം. തിരുക്കർമ്മങ്ങൾക്കുശേഷം ദൈവാലയ പരിസരത്തുവച്ച് കേക്കുമുറിക്കുകയോ മധുരപലഹാരം നല്കുകയോചെയ്യുന്നതിലും അനൗചത്യമില്ല. ഇതിനൊക്കെയല്ലേ നാം പള്ളിയും അനുബന്ധ കെട്ടിടങ്ങളും സ്വന്തമാക്കിയത്?

ബലിയർപ്പണത്തിൽ പങ്കുകാരാകുന്ന ഏവർക്കും കാർമ്മികൻ അറിയിക്കുന്ന പ്രത്യേക നിയോഗം കൂടാതെ, തങ്ങളുടെ സ്വന്തം നിയോഗങ്ങളും ബലിവേദിയിൽ മൗനമായി സമർപ്പിക്കാം. മറ്റൊരാളുടെ മരിച്ചവർക്കുവേണ്ടിയുള്ള കുർബാനയിലാണു താൻ പങ്കെടുക്കുന്നതെങ്കിലും, തന്റെ പ്രിയപ്പെട്ടവർക്കുവേണ്ടിയോ, മറ്റുനിയോഗങ്ങൾക്കുവേണ്ടിയോ ആബലിയിൽ നിയോഗംവെച്ചു പ്രാർത്ഥിക്കാം. കാരണം കുർബാനയുടെ വില അമൂല്യമാണ്.

സ്വന്തം നിയോഗത്തിൽ ഓരോവ്യക്തിയും അനുദിനം ബലിയർപ്പണത്തിൽ പങ്കുചേരുന്നതുകൂടാതെ, കാർമ്മികനു കുർബാനപ്പണംനല്കി തന്റെ നിയോഗത്തിൽ ഔദ്യോഗികമായി കുർബ്ബാന അർപ്പിക്കുവാൻ ആവശ്യപ്പെടാം. അങ്ങനെ നല്കുന്ന കുർബാനധർമ്മം തന്റെ അദ്ധ്വാനവിഹിതമായി ദൈവത്തിനുസമർപ്പിക്കുന്നതും സഭാനിയമപ്രകാരം കാർമ്മികന്റെ ജീവിതചെലവുകൾക്കായി ഉപയോഗിക്കാവുന്നതുമാണ്. അൾത്താരയിൽ ശുശ്രൂഷചെയ്യുന്നവനും സുവിശേഷപ്രവർത്തകനും വിശ്വാസസമൂഹമാണ് ചെലവിനു നല്കേണ്ടത്.

കുർബാന അർപ്പിക്കുന്ന വൈദികനു നല്കേണ്ട കുർബാനപ്പണം എത്രയായിരിക്കണമെന്ന് രൂപതാദ്ധ്യക്ഷൻ അറിയിക്കാറുണ്ട്. ഷിക്കാഗോ സീറോമലബാർ രൂപതയിൽ കുർബാനയ്ക്കു 10 ഡോളറും, കുടുംബക്കാർ ആവശ്യപ്പെട്ടുള്ള വീടുവെഞ്ചരിപ്പ്, ഭവനത്തിലെത്തിയുള്ള മന്ത്രാ തുടങ്ങിയ തിരുക്കർമ്മങ്ങൾക്ക് 50 ഡോളറുമാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ അതിൽ കൂട്ടിയോ കുറച്ചോ നല്കുന്നതിനു സ്വാതന്ത്ര്യമുണ്ട്. ഇങ്ങനെയുള്ളത് വൈദികനു വ്യക്തിപരമായി നല്കുന്ന സംഭാവനയായതിനാൽ അതിന്റെ കണക്ക് പള്ളികണക്കിൽ ചേർത്ത് വിശ്വാസികളെ അറിയിക്കുവാൻ വൈദികൻ ബാദ്ധ്യസ്ഥനല്ല.

മാമ്മോദീസാ, വിവാഹം, തിരുനാൾ, മരിച്ചടക്ക്, തുടങ്ങിയ അവസരങ്ങളിൽ കുർബാന നിയോഗത്തിനുള്ള സംഭാവന സ്വീകരിക്കുമെന്നല്ലാതെ മറ്റ് ഫീസൊന്നും വൈദികർ പ്രതീക്ഷിക്കുന്നില്ല. മരിച്ചവരുടെ കുർബാനയുടെകൂടെ നാം ഒപ്പീസും ചൊല്ലുന്നുണ്ട്. അതിനു കൂടുതൽ സംഭാവന ആവശ്യമില്ല. മന്ത്രായ്ക്കു ലഭിക്കുന്ന നേർച്ച പരേതന്റെ പേരിൽ ജീവകാരുണ്യപ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്. അത് കാർമ്മികനോ പള്ളിയോ എടുക്കുന്നില്ല. എന്നാൽ അതിന്റെ കണക്ക് പള്ളിയിൽ അറിയിക്കുന്നുണ്ട്. വൈദികർക്ക് സഭ നിശ്ചയിച്ചിരിക്കുന്ന സംഭാവന കൊടുക്കുന്നവർ സന്മനസ്സോടെ കൊടുക്കുക. കൊടുക്കാതിരുന്നാലും, തുക കുറച്ചു നല്കിയാലും വൈദികരുടെ സേവനം തീർച്ചയായും നിങ്ങൾക്കു ലഭ്യമായിരിക്കും. നാട്ടിൽനിന്ന് സമീപകാലത്തുവന്നവരും

*(Continued on page 4)*

## നുറുങ്ങുവെട്ടം

**സുവിശേഷകൻ വിതച്ച നല്ലവിത്തുകൾക്കിടയിൽ ദുഷ്ടർ നിശയുടെ മറവിൽ തിന്മയുടെ വിത്തുവിതയ്ക്കുന്നു.**



(Continued from page 1)

പുരാതനപാട്ടുകളിലെ വാഴ്‌പാട്ട്, മാർത്തോമ്മൻ, മൈലാഞ്ചി പാട്ട് എന്നിവ പഠനവിധേയമാക്കുമ്പോൾ സ്ത്രീയെ ആദരിക്കു കയും പരസ്യമായി സ്നേഹം പ്രകാശിപ്പിക്കുവാൻ അവസരമൊരുക്കുകയും ചെയ്യുന്ന ആചാരങ്ങൾ സ്ത്രീകൾക്കു നല്കിയിരുന്നു എന്നു നാം തിരിച്ചറിയുന്നു. ഒരമ്മയുടെ ഹൃദയത്തുടിപ്പുകൾ ഈ പാട്ടിൽ നിറഞ്ഞുനില്ക്കുന്നു. കാളിദാസൻ ശാകുന്തളത്തിൽ കന്യക പണയവസ്തുവാണ്; അതു ഉടമസ്ഥനു തിരിച്ചുകൊടുക്കും വരെ അസ്വസ്ഥമാണ് എന്നു പ്രദിപാതിച്ചിരിക്കുന്നു. പാലിലെ വെണ്ണപോലെ വളർത്തി അനുരൂപനായ വരന് അവളെ ഭരമേല്പിക്കുംവരെ അസ്വസ്ഥമായ അമ്മമനസ്സിനെ പാട്ടിലൂടെ നാം തിരിച്ചറിയുന്നു. സ്ത്രീയുടെ ഹൃദയഭാവങ്ങളെയും സ്ത്രീയ്ക്കു നല്കിയിരിക്കുന്ന സ്ഥാനത്തെയും "പെൺപാട്ടുകൾ" വഴി നാം തിരിച്ചറിയുന്നു.

### ചരിത്ര ഗാനങ്ങളിലെ ആത്മീയഭാവം

ക്നാനായ ജനതയുടെ തെക്കെമെസപ്പെട്ടോമിയയിൽനിന്നുള്ള വരവ്, മിഷണറി ദൗത്യം, ആത്മീയ നേതൃത്വം, അവർക്കു ലഭിച്ച പദവികൾ എന്നിവ ഗൃഹാതുരതയോടെ പാടി ആടുമ്പോൾ അവരിലെ വൈകാരിക ഐക്യം ഊട്ടി ഉറപ്പിക്കപ്പെടുകയാണ്. കേരളത്തിലെ ക്രിസ്ത്യാനികളുടെ ആത്മീയ ദാരിദ്ര്യം സ്വപ്നത്തിലൂടെ മനസ്സിലാക്കി, ക്നായിതൊമ്മൻ എന്ന കച്ചവടപ്രമുഖന്റെ നേതൃത്വത്തിൽ മെത്രാനും വൈദികരും ശെമ്മാശന്മാരും ഉൾക്കൊള്ളുന്ന ഒരു സംഘം കേരളത്തിലെത്തുന്ന ചരിത്രം ആണ് ചരിത്രഗാനങ്ങളായ നല്ലൊരോരോശ്ലം, മുന്നം മലങ്കര, ഇന്നു നീ ഞങ്ങളെ തുടങ്ങിയ പാട്ടുകളിൽ നിറഞ്ഞു നില്ക്കുന്നത്. അതോടൊപ്പം അവർക്ക് ലഭിച്ച പദവികളും പാട്ടിൽ പ്രതിപാദിക്കുന്നു.

### ക്നാനായക്കാരുടെ ദൗത്യം

ആത്മീയ ദാരിദ്ര്യം അനുഭവിക്കുന്ന ജനതയ്ക്ക് ആത്മീയ വളർച്ച നല്കുവാനുള്ള ദൗത്യമാണ് ക്നാനായക്കാരുടേത്. കൂദാശകൾ പരികർമ്മം ചെയ്യുവാനും, മതവിശ്വാസത്തിൽ വളർച്ച സാധ്യമാക്കുവാനുമായി അവർക്കൊപ്പം മെത്രാനും വൈദികരുമുണ്ടായിരുന്നു. ഭൗതിക സമൃദ്ധി കൈവരിച്ച ക്നാനായ ജനത, ആത്മീയതയുടെ തലം മറന്നു പ്രവർത്തിക്കുമ്പോൾ അവർക്കിടയിൽ മാത്സര്യബുദ്ധിയും ചേരിതിരിവും ഉടലെടുക്കും. ആത്മീയ നിയന്താക്കൾക്കു പ്രസക്തി നല്കാതെ നീങ്ങുന്നത് ദൗത്യനിർവ്വണത്തിന്റെ അർത്ഥം മറക്കുമ്പോഴാണ്. കഥയറിയാതെ ആട്ടം ആടുകയാണോ ക്നാനായക്കാർ എന്ന് ഇന്നു പലരും ചിന്തിച്ചുതുടങ്ങിയിരിക്കുന്നു. അതുകൊണ്ടുതന്നെ വിവാഹാവസരങ്ങളിൽ നെഞ്ചേറ്റി ലാളിക്കുന്ന ക്നാനായ ജനതയുടെ പാട്ടുകളും അവയ്ക്കുള്ള അർത്ഥവും പഠിക്കുവാനുള്ള അഭിവാഞ്ജ ഓരോ ക്നാനായക്കാരനും ഗൗരവമായി എടുക്കണം.

**ഒരു നല്ല ക്രിസ്ത്യാനിയാവുക എന്നതാണ് ഒരു നല്ല ക്നാനായ ക്കാരനാവുക എന്നതിന്റെ പൊരുൾ. ക്രൈസ്തവ ധർമ്മത്തിന്റെ പ്രാധാ ന്യം മറന്ന് ക്നാനായത്വത്തിനു മാത്രം പ്രാധാ ന്യം കൊടുക്കുമ്പോഴാണ് ക്നാനായ ചൈത ന്യം ചോർന്നുപോകുന്നതെന്ന സത്യം ഓരോ ക്നാനായക്കാരനും തിരിച്ചറിയട്ടെ.**



(Continued from page 3)

സാമ്പത്തികബുദ്ധിമുട്ടുള്ളവരും രൂപതനിശ്ചയിച്ച തുകയിൽ കുറച്ചു നല്കിയാലും മതിയാകും.

പള്ളിയിലെ പതിവുകുർബാനയുടെ സമയത്ത്, മരിച്ചവർക്കു വേണ്ടിയർപ്പിക്കുന്ന കുർബാനപോലെ ജീവിച്ചിരിക്കുന്നവർക്കു വേണ്ടിയും കുർബാനയർപ്പിക്കാം. എന്നാൽ, നേർച്ചകുർബാന, ജൂബിലി, ജന്മദിനം, സ്വർഗീയ മദ്ധ്യസ്ഥന്റെ തിരുന്നാൾ, കൃതജ്ഞതാബലി തുടങ്ങിയവയ്ക്ക് വികാരിയുമായി മുൻകൂർ ആലോചിച്ചശേഷംവേണം മറ്റെന്തെങ്കിലും ക്രമീകരണമുണ്ടെങ്കിൽ ചെയ്യുവാൻ. കാരണം അതേദിവസം പള്ളിയിലെ പൊതുകുർബാനയോ, മറ്റുള്ളവർ ഏല്പിച്ച കുർബാനയോ, മരിച്ചവരുടെ കുർബ്ബാനയോ ഉണ്ടാകാതിരിക്കുവാൻ അത് ആവശ്യമാണ്.

മരിച്ചവരുടെ കുർബാനയ്ക്ക് ചിലപ്പോൾ ഒന്നിലധികം പേരുടെ നിയോഗം ഏല്ക്കേണ്ടിവരുന്നുണ്ട്. അങ്ങനെ വരുമ്പോൾ ആ കുർബാന അർപ്പിക്കുന്ന വൈദികൻ ഓരോ നിയോഗത്തിനും വേണ്ടി പിന്നീട് കുർബാന ചൊല്ലുന്നുണ്ട്. എന്നാൽ കുർബാന നിയോഗം ഏല്പിക്കുന്നവർക്ക് അവരവരുടെ നിയോഗത്തിൽ പ്രാർത്ഥിക്കാവുന്നതാണ്.

തിരുക്കർമ്മങ്ങൾക്ക് തിരുസഭനല്കുന്ന പ്രബോധനങ്ങൾക്കനുസരിച്ചാണ് നാം ചെയ്തുപോരുന്നത്. കുർബാനയ്ക്കും മറ്റുതിരുക്കർമ്മങ്ങൾക്കും കാർമ്മികനു നല്കേണ്ട സംഭാവനയെ സംബന്ധിച്ചു രൂപതയുടെ നിർദ്ദേശം ഞാൻ പലപ്പോഴും പള്ളിയിൽ വ്യക്തമാക്കിയിട്ടുള്ളതുമാണ്. ഇനിയും കൂടുതൽ വ്യക്തത ഏതിനെങ്കിലും ആവശ്യമെങ്കിൽ ദയവായി നമ്മുടെ വൈദികരിൽ ആരോടെങ്കിലും സൗഹൃദസംഭാഷണത്തിലൂടെ ചോദിച്ചു മനസ്സിലാക്കുവാൻ സന്മനസ്സു കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്



Church cleaning by parish volunteers at Sacred Heart Church after Holy Mass on last Sunday.

# Summer Camp Winners

**1st- Alisa Kannachanparambil**
**2nd- Austin Kulangara**
**3rd- Phinu Thoompanal**

**SPECIAL AWARDS**

**Class Participation:**

Anjaly Nedumthuruthil
Elizabeth Naduveettil
Alan Vellaramkalayil

**Bible Quiz winners and Class Participation:**

Sheryl Tharathattel
Anjana Nannikattu

**Group Leading:**

Joshua Pattapathiyil

**Outside Activities:**

Jude Thekkeparambil
Benjamin Edakarayil



# Canon Law on Sacrament of Penance



**THE SACRAMENT OF PENANCE** (Cann. 959 - 997)

***Can. 959*** In the sacrament of penance the faithful who confess their sins to a legitimate minister, are sorry for them, and intend to reform themselves obtain from God through the absolution imparted by the same minister forgiveness for the sins they have committed after baptism and, at the same, time are reconciled with the Church which they have wounded by sinning.

**THE CELEBRATION OF THE SACRAMENT**

***Can. 960*** Individual and integral confession and absolution constitute the only ordinary means by which a member of the faithful conscious of grave sin is reconciled with God and the Church. Only physical or moral impossibility excuses from confession of this type; in such a case reconciliation can be obtained by other means.

**MINISTER OF THE SACRAMENT OF PENANCE**

Can. 965 A priest alone is the minister of the sacrament of penance.

Can. 983 §1. The sacramental seal is inviolable; therefore it is absolutely forbidden for a confessor to betray in any way a penitent in words or in any manner and for any reason.

Can. 984 §1. A confessor is prohibited completely from using knowledge acquired from confession to the detriment of the penitent even when any danger of revelation is ex-

*(Continued on page 7)*



*(Continued from page 6)*

cluded.

§2. A person who has been placed in authority cannot use in any manner for external governance the knowledge about sins which he has received in confession at any time.

### THE PENITENT

Can. 987 To receive the salvific remedy of the sacrament of penance, a member of the Christian faithful must be disposed in such a way that, rejecting sins committed and having a purpose of amendment, the person is turned back to God.

**Can. 988 §1. A member of the Christian faithful is obliged to confess in kind and number all grave sins committed after baptism and not yet remitted directly through the keys of the Church nor acknowledged in individual confession, of which the person has knowledge after diligent examination of conscience.**

§2. It is recommended to the Christian faithful that they also confess venial sins.

**Can. 989 After having reached the age of discretion, each member of the faithful is ob-liged to confess faithfully his or her grave sins at least once a year.**

Can. 990 No one is prohibited from confessing through an interpreter as long as abuses and scandals are avoided and without prejudice to the prescript of ⇒ can. 983, §2.

Can. 991 Every member of the Christian faithful is free to confess sins to a legitimately approved confessor of his or her choice, even to one of another rite.

## Pre-Marriage Course

By Knanaya Catholic Region
**From November 2 - 4** (Friday - Sunday)
At St. Mary's Church, Morton Grove.

**For reservation:**
Tonny Pullappally, 630-205-5078
tonnyjohn@hotmail.com

| OFFERINGS | Sept. 2 |
|---|---|
| **ST. MARY'S, MORTON GROVE** | |
| St. Jude Novena on Thursday | 371.00 |
| Sunday 10:00 A.M. Mass | 1,379.00 |
| Sunday 5:30 P.M. Mass | 349.00 |
| Facility Usage | 1,150.00 |
| Sponsor: Front Elevation | 1,000.00 |
| Auction due | 500.00 |
| **TOTAL ST. MARY'S** | **4,749.00** |
| **SACRED HEART, MAYWOOD** | |
| Sunday 10:00 A.M. Mass | 885.00 |
| Guadalupe Offering | 101.00 |
| St. Anthony Novena | 68.00 |
| Auction | 27.00 |
| Feast Sponsorship | 100.00 |
| Annual Contribution | 780.00 |
| St. Mary's statue | 87.00 |
| S.H. Statue Installation Sponsor | 250.00 |
| Other sponsors | 1,750.00 |
| Rel. Education Registration | 12,700.00 |
| **TOTAL SACRED HEART** | **16,748.00** |
| **AGAPE MOVEMENT** | |
| Sacred Heart Agape Store | 31.00 |
| St. Mary's Agape Store | 51.00 |
| Donation Box | 134.00 |
| Birthday donation | 50.00 |
| Manthra / Death anniversary | 111.00 |
| Seminarians Sponsorship | 250.00 |
| **TOTAL AGAPE** | **627.00** |

**READINGS & READERS** ഏലിയാക്കാലം **(Second Sunday of Elijah)**

| SEPT. 9 | READINGS | S. H. 10:00 A.M. | ST. MARY'S 10:00 A.M. | ST. MARY'S 11:40 A.M. |
|---|---|---|---|---|
| 1ST | Deut 7:7-11 | Jessy Muthukattil | Jijo Poothura | Sneha Thekkumkattil |
| 2ND | 2 Thes 2:15-3:18 | Teena Neduvampuzha | James Mannakulathil | Tasha Thuruthuvelil |
| GOSPEL | Mt 13:1-9,18-23 | Hear the word and produce fruits | | |

**READINGS & READERS** സ്ളീവാക്കാലം **(First Sunday of the Cross)**

| SEPT. 16 | READINGS | S. H. 10:00 A.M. | S. H. 11:40 A.M. | ST. MARY'S 10:00 | ST. MARY'S 11:40 |
|---|---|---|---|---|---|
| 1ST | Deut 8:11-20 | Santha Valacheril | Venesa Indikuzhy | Siby Kaidyampally | Jaic Tharappel |
| 2ND | Phil 2:1-11 | Jimmy Kaiyaly | Anjana Nanthikattu | Johnykutty Pillaveettil | Tisha Kaithakkathottiyil |
| GOSPEL | Mat 4:12-17 | Repent, for the Kingdom of heaven has come near. | | | |

## സോഫിയ പിൽഗ്രിമേജ്
ഗ്വാഡലുപ്പെ തീർത്ഥാടനം

SHALOM MEDIA USA

പരിശുദ്ധ ദൈവമാതാവ് പ്രത്യക്ഷപ്പെട്ട മെക്സിക്കോയിലെ ഗ്വാഡലുപ്പെയിലേക്ക് എല്ലാ മാസവും നാല് ദിവസം നീണ്ടുനിൽക്കുന്ന തീർത്ഥാടനം

കൂടുതൽ വിവരങ്ങൾക്ക്
Ph: 956-739-6448, E-mail: info@sophiabooks.us

---



Your Call is Always Welcome

## Attorney Steve Crifase

Ph.: 312-855-0511
Fax: 312-855-0537
8 South Michigan, Suite 2000,
Chicago, Illinois 60603

Dupage County Office and Home Visits Available

SERVING THE MALAYALEE COMMUNITY SINCE 1982

- Personal Injury
- Wrongful Death
- Medical Negligence
- Car Accidents
- Slip and Fall
- Work Injuries

---

വരൂ ആസ്വദിക്കൂ...
മലയാളികളുടെ സ്വന്തം സ്വാദിൽ പാകം ചെയ്യുന്ന ഒരേയൊരു സ്ഥാപനം

## Elite Catering & Carry Outs

5555 St. Charles Road, Unit G, Berkeley, IL 60163.
Office: (708) 544-2000 Mani: (630) 205-3437 - Johny Elenjical: (773) 383-9751
Babu Valiaparambil: (708) 717-0795 - Benny Parackal: (630) 306-3771

---

Hi5 POWER WASH
SERVING CHICAGO AND SUBURBS

TELES
Power Wash Operator

It is the Chicago Law to do Power Wash at every Gas Stations Twice in a year

## DEMPSTER & OZARK SHELL

7736 W. DEMPSTER, MORTON GROVE, IL
TEL: 847-966-7200, CELL 312 560 1600

ALEX, Chief Mechanic — LUKACHEN, Chief Mechanic — RENE, Asst. Technician

Good News: We Open Sundays
Sunday: 10am - 4pm
Monday to Saturday: 8am - 7pm
We do: All Mechanical, Electrical & Body Works
We will beat any competitive price

Shell

Bring this Coupon
10th ANNIVERSARY SPECIAL
Oil Change $ 14.99
Most Cars
(with Premium Oil)

---

*Family Focus's Confidential Helpline:*
*1-888-417-8222*
Or
Familyfocus10@gmail.com

---

## ROYAL TRAVEL SERVICE

3423 W. LAWRENCE AVE, ROOM #5, CHICAGO, IL 60625
TEL: (773) 509-9600, CELL: (773) 456-4564
*KUWAIT AIRWAYS * AIR INDIA * MALAYSIAN
* SWISS AIR * BRITISH AIRWAYS * LUFTHANSA
AIR FRANCE * KLM * SINGAPORE AIR* ETIHAD ETC.,

YOUR KNANAYA TRAVEL AGENCY

CONTACT: JOSE KORATTIYIL & JAY KALAYIL.

---

Your Rehab Specialists

Pro-Rehab Services, P.C.
&
Choicecare Home Health, Inc.

Palos Heights and Tinley Park
(708) 489 6PRS or (708) 489-0123 www.pro-rehabservices.com
www.choicecarehh.com

Best Compliments from the Mutholath Family

---

NMi Niles Medical Imaging

Gigi Nellamattam
Managing Partner

8618 W. Golf Rd
Niles, IL 60714

Tel: 847-824-2628
Fax: 847-824-4157
nationalmedicalimaging@comcast.net

---

**Knanaya Region Blog**

http://knanayamedia.blogspot.com

---

J&J CUSTOMS
www.jandjcustoms.net
SALES & SERVICE — CUSTOM INSTALLATION

3240 W. 63rd St. Chicago, IL 60629 773-476-1334
7433 S. State St. Chicago, IL 60619 773-651-6728

AWARD WINNING INSTALLATION TEAM

CARS TRUCKS SUV'S BOATS RV'S BIKES DOMESTICS IMPORTS LUXURY EXOTICS

"IF YOU CAN DREAM IT, WE CAN DO IT!"

---

**Please support our advertisers.**

**Space is available for**

**your business promotion.**

---

Gasoline distribution throughout Midwest

***Your KNANAYA Gasoline Jobber***

**Gas Depot Oil Co.**
IL 60053
847-581-0303 (Off)
847-581-0309 (Fax)
**www.gasdepot.com**

CLARK — Shell — Gas DEPOT — MARATHON — CITGO

---



## Jaibu Mathew, E.A.
ENROLLED TO PRACTICE BEFORE IRS

7215 W. Touhy, Suite 5,
Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com
* Free Electronic Filing *
* Refund in 24 Hours *

---

MARATHON — Golf & Mt. Prospect

**Binu George**
Phone (847) 635-7335
Fax (847) 635-7339

OLD OR NEW, DOMESTIC OR IMPORT, WE ARE YOUR DEALERSHIP ALTERNATIVE!

Golf & Mt Prospect Marathon 10 W Golf RD. Des Plaines Illinois 60016

---

**For All Your Tax Services**
**Free Electronic Filing & Fast Refund**

**Sabu Madathiparambil**
**Cell: 847-276-7354**
**Off: 847-655-7472**

**1600 W. Dempster St., Suite 205**
(Opp. to Lutheran General Hospital)
**Park Ridge, IL 60068**
**sabuaphilip@hotmail.com**

